(17) തൃശ്ശൂർ ജില്ലയിലെ റേഷൻ കടകളിൽ പശുപ്പച്ചരിയും ഇരുമ്പരിയും വിതരണം ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ : ഈ കള്ളകർക്കിടകമാസത്തിൽ വെള്ളപ്പൊക്കദുരിതംമൂലം കണ്ണുനീരും കൈയ്യുമായി കഴിയുന്ന തൃശ്ശൂർ ജില്ലയിലെ പട്ടിണി പാവങ്ങൾക്ക് റേഷൻകടവഴി സർക്കാർ നൽകുന്ന പശുപ്പച്ചരി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. കോഴിവരെ ചത്തുപോവുകയാണ്. വയറിളക്കം, ഛർദ്ദി തുടങ്ങിയ പകർച്ചവ്യാധികളും തീരപ്രദേശങ്ങളിലും ഹരിജൻ കോളനികളിലും പടർന്നുപിടിച്ചിരിക്കുന്നു. പരസ്യവിപണിയിൽ അരിവില കുതിച്ചു കയറുകയാണ്. പഞ്ചാബിൽ നിന്ന് ഇറക്കുമതി ചെയ്ത പഴയ ഇരുമ്പരി പോളീഷ് ചെയ്ത് വീണ്ടും വിതരണം ചെയ്തുവരുകയാണ്. തൃശ്ശൂർ, മുകുന്ദപുരം താലൂക്കുകളിൽ പശുപ്പച്ചരി മാത്രമേ ഇപ്പോൾ വിതരണം ചെയ്യുന്നുള്ളൂ. ബഹുമാനപ്പെട്ട മന്ത്രിക്ക് പച്ചയോട് പ്രിയമാണ്. പാവപ്പെട്ട ആളുകളെ പച്ചരി തീറ്റിക്കരുത്. നല്ല പുഴുക്കലരി തന്നെ വിതരണം ചെയ്യാൻ സത്വരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : തൃശ്ശൂർ ജില്ലയിൽ ബഹുമാനപ്പെട്ട മെമ്പർ ആരോപിച്ചതുപോലെ മുഴുവനായി പശുപ്പച്ചരി വിതരണം ചെയ്തിട്ടില്ല. ജൂലൈ മാസത്തിൽ 11,824 ടൺ അരിയാണ് ആകെ വിതരണം ചെയ്തത്. അതിൽ 8277 ടൺ പുഴുക്കലരിയാണ്, ഒന്നാം ക്ലാസ് അരി. ബാക്കി 3574 ടൺ മാത്രമാണ് പച്ചരി. അതുതന്നെ ബഹുമാനപ്പെട്ട മെമ്പർ ആരോപിച്ചതുപോലെ പശുപച്ചരി അല്ല. ആ പച്ചരിയിൽ അല്പം പൊടിയുണ്ടെന്നുമാത്രം. തൃശ്ശൂർ ജില്ലയിൽ പല താലൂക്കുകളിലും മൂന്നാഴ്ച പുഴുക്കലരിയും ഒരാഴ്ച പച്ചരിയുമാണ് കൊടുക്കാൻ പറഞ്ഞിട്ടുള്ളത്. ചാവക്കാട് ഒരാഴ്ചയിൽ പകുതി മാത്രമേ പച്ചരി കൊടുത്തിട്ടുള്ളൂ. പക്ഷെ ബഹുമാനപ്പെട്ട മെമ്പറുടെ പ്രദേശമുൾക്കൊള്ളുന്ന മുകുന്ദപുരം താലൂക്കിൽ രണ്ട് ആഴ്ച കൊടുക്കേണ്ടിവന്നു. അതുതന്നെ ഇപ്പോൾ നിറുത്തി. പുഴുക്കലരിതന്നെ കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുമാത്രമല്ല, അദ്ദേഹം പറഞ്ഞതുപോലെ പഞ്ചാബ് അരിയെന്ന ഇരുമ്പരി രണ്ടാമത് പോളീഷ് ചെയ്ത കൊടുക്കുന്നില്ല. പഞ്ചാബ് അരി തന്നെ, ഞാൻ നേരത്തെ സഭയിൽ പറഞ്ഞതാണ്, ചില സ്ഥലത്ത് കുറച്ച് ഉണ്ടായിരുന്നു. അതല്ലാതെ വേറൊന്നുമില്ല. അതുകൊണ്ട് പുഴുക്കലരി നൽകണമെന്ന് ആവർത്തിച്ച് ഫുഡ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(18) പേരാംപ്രയിലെ മാതൃഭൂമി ഏജൻറിനെ മർദ്ദിച്ച സംഭവം

ശ്രീ. എ. കെ. പത്മനാഭൻ : പേരാംപ്ര പോലീസ് സ്റ്റേഷന് മുമ്പിൽ നടന്ന മഹിളാ ധർണ ഉൾപ്പെടെയുള്ള പ്രക്ഷോഭ സമരങ്ങളുടെ ഭാഗമായി "മാതൃഭൂമി" ദിനപ്പത്രത്തിൽ വാർത്ത വന്നു എന്നതിൻറെ പേരിൽ കുഞ്ഞനന്തൻ എന്ന പത്ര ഏജൻറിനെ മർദ്ദിക്കുകയും പത്രക്കെട്ടുകൾ വലിച്ചെറിയുകയും ചെയ്ത സംഭവമുണ്ടായിരിക്കുന്നു. ജമീല സംഭവമെന്ന പേരിൽ പത്രത്തിൽ വന്ന ആ സംഭവത്തിന് ഉത്തരവാദികളായവർ തന്നെയാണ് മർദ്ദനം നടത്തിയിട്ടുള്ളത്. അതിൽ പോലീസ് ഒരു നടപടിയുമെടുക്കുന്നില്ല. കുറ്റവാളികളെ രക്ഷിക്കുകയും കുറ്റം ചെയ്യാത്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന നടപടിയാണ് പോലീസിൻറെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഇതിൻറെ പേരിലുണ്ടായ സംഘർഷത്തെ തുടർന്ന് മാർക്സിസ്റ്റ് പാർട്ടിയുടെയും ഡി. വൈ. എഫ്. ഐ.

LIBRARY ARCHIVES Kerala Legislative Assembly